**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 397** **08-08-2023 - ൽ മറുപടിയ്ക്ക്**

**ദേവഗിരി പഞ്ചായത്ത് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം, ഗ്രാമ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയം നഗരസഭകളുടെ പദവി ഉയർത്തൽ തുടങ്ങിയവയുടെ ആവശ്യകത പരിശോധിച്ച് സർക്കാരിലേയ്ക്ക് ശുപർശ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും നഗരകാര്യ ഡയറക്ടർ, ചീഫ് ഠൗൺ പ്ലാനർ, കില ഡയറക്ടർ ജനറൽ എന്നിവർ അംഗങ്ങളായും സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സമിതി, വിവിധ ഘട്ടങ്ങളിൽ വിഷയ വിദഗ്ധരുമായി കൂടിയാലോചനകൾ നടത്തുകയും യോഗങ്ങൾ ചേരുകയുമുണ്ടായി. ഈ പ്രക്രിയയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ജനസംഖ്യ, വിസ്തീർണ്ണം, തനതു വരുമാനം, ജന സാന്ദ്രത തുടങ്ങിയ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും ആയത് പ്രകാരം പുതിയ തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന്റെയും തദ്ദേശ സ്ഥാപനങ്ങൾ പുന:സംഘടിപ്പിക്കുന്നതിന്റെയും സാധ്യതകൾ പരിശോധിക്കുകയും ചെയ്തുവരുന്നു. |
| (ബി) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ദേവഗിരി പഞ്ചായത്ത് രൂപീകരണവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | ദേവഗിരി പഞ്ചായത്ത് രൂപീകരണവുമായി ബന്ധപ്പെട്ട് ദേവഗിരി വികസന സമിതി 20.06.2023-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കിയ നിവേദനം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അഞ്ച് പഞ്ചായത്തുകളുടെ സംഗമസ്ഥാനമായ ദേവഗിരി പ്രദേശത്തിന്റെ ഭൂപ്രകൃതി, ജനസംഖ്യ | (സി) | ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം, ഗ്രാമ പഞ്ചായത്തുകളുടെയും ബ്ലോക്ക് |

| | | | |
|---|---|---|---|
| | എന്നിവയുടെ പ്രത്യേകത കണക്കിലെടുത്ത് പുതിയ പഞ്ചായത്ത് രൂപീകരണത്തിന് പ്രത്യേക പരിഗണന നൽകാമോ? | | പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയം നഗരസഭകളുടെ പദവി ഉയർത്തൽ തുടങ്ങിയവയുടെ ആവശ്യകത പരിശോധിക്കുന്നതിനായി രൂപീകരിച്ച സമിതി, സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച ശേഷമേ തീരുമാനമെടുക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ